1

# പ്രളയത്തിനുമുമ്പുള്ള കാലം

## സൃഷ്ടിമുതൽ പ്രളയംവരെ

## ബി.സി. 4004– 2348 (ഉൽപ. 1:1– 8:13)

**ആ മുഖമായി: ഉൽപ്പത്തി പുസ്തകം.** – ഉൽപ്പത്തി (തലമുറ, ആരംഭം) എന്നത് "ആരംഭങ്ങളുടെ പുസ്തകം" ആണ്. ഉൽപ. 1:1 എല്ലാറ്റിന്റെയും തുടക്കം നൽകുന്നു. "ന്റെ ഉൽപ്പത്തി ..." എന്ന പദപ്രയോഗം താഴെ കാണുന്ന വിധം, പത്തുപ്രാവശ്യം വരുന്നു: "ആകാശത്തിന്റെയും ഭൂമിയുടെയും ഉൽപ്പത്തി," ഉൽപ. 2:4; "ആദാമിന്റെ," 5:1; "നോഹയുടെ," 6:9; "നോഹയുടെ പുത്രന്മാരുടെ," 10:1; "ശേമിന്റെ," 11:10; "തേരഹിന്റെ," 11:27; "യിശ്മായേലിന്റെ," 25:12; "യിസ്ഹാക്കിന്റെ," 25:19; "ഏശാവിന്റെ," 36:1; "യാക്കോബിന്റെ," 37:2. അടിക്കടി ഉപയോഗിച്ചിരിക്കുന്ന ഈ പദപ്രയോഗം യാദൃശ്ചികമായി വന്നതല്ല. എഴുത്തുകാരൻ ബോധപൂർവ്വം തന്നെ ചരിത്രത്തിന്റെ ആരംഭം കുറിക്കുകയായിരുന്നു. ബൈബിളിലെ ആദ്യപുസ്തകത്തിന്റെ ആ സ്വഭാവം ആരംഭത്തിൽ തന്നെ ശ്രദ്ധ ആകർഷിക്കുകയും, "ഉൽപ്പത്തി" എന്ന് അതിനെ ശരിയായി വിളിച്ചിരിക്കയും ചെയ്യുന്നു.

1. **പ്രപഞ്ചത്തിന്റെ ഉൽപ്പത്തി** (ഉൽപ. 1:1). – *a. പ്രശ്നം ചിത്രീകരിച്ചിരിക്കുന്നു.* – ഒരു ഇരുമ്പു ദണ്ഡ് നൽകിയാൽ നമുക്ക് അതുപയോഗിച്ച്, വാച്ചിന്റെ സ്പ്രിങ്ങുകൾ, സൂചികൾ, കത്രികകൾ, ചുറ്റികകൾ, എന്നിവ ഉാക്കുവാൻ കഴിയും. അത് സൃഷ്ടിയല്ല; അത് രൂപാന്തരം വരുത്തലാണ്. എപ്പോഴാണ് ഇരുമ്പുായത്? ആരാണ് അതുാക്കിയത്? ഇവിടെ ഇതാ ഒരു പ്രപഞ്ചം; സൂര്യൻ, നക്ഷത്രങ്ങൾ, കടലുകൾ, അസംഖ്യം വരുന്ന ജീവിതങ്ങൾ അടങ്ങിയതാണ്. മുഖ്യ ചോദ്യം രൂപാന്തരത്തെ കുറിച്ചല്ല, എന്നാൽ ഉത്ഭവത്തെ കുറിച്ചാണ്.

*b. പ്രശ്നം പരിഹരിച്ചു.* – കാലങ്ങളായി പ്രശ്നം പരിഹരിക്കുവാൻ വിവേചനം ഉപയോഗിച്ചു.[1] "നിത്യമായ"; "സ്വയം-ഉ ാക്കിയ"; "യാദൃശ്ചികം"; ഇവയാണ് നൽകപ്പെട്ട ചില പരിഹാരങ്ങൾ. മറ്റു പ്രശ്നങ്ങൾ എണ്ണമറ്റ ദേവതമാരെ ആരാധിക്കുന്നതുകൊു വിരൂപമായി. ഈ അഭിപ്രായ കൂമ്പാരങ്ങൾക്കിടയിൽ, ഒന്നും സ്വയ-മായി ഉാകുന്നില്ല; അതിനു സാധ്യതയില്ല എന്നു നമ്മുടെ ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു; ഓരോ ഫലത്തിനും മതിയായ കാരണങ്ങൾ ഉാകണം. ദൈവശ്വാസീയമായ എഴുത്തുകാരന്റെ ഒറ്റവാക്കിൽ പ്രശ്നത്തിനു പരിഹാരമു്; "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു."[2] ദൈവമാണ് പരിഹാരം. ദൈവം നൽകി, പിന്നെ എല്ലാം പിന്തുടർന്നു. "അവൻ സംസാരിച്ചു, അങ്ങനെ സംഭവിച്ചു; അവൻ കൽപിച്ചു, അങ്ങനെ ഉളവായി" (സങ്കീ. 33:9).

*c. സമയം.* – "ആദിയിൽ." ശാസ്ത്രം പറയുന്നത് ദശലക്ഷവർഷങ്ങളെ കുറിച്ചാണ്. ഉൽപത്തി "ആദിയിൽ" എന്നു മാത്രം പറയുന്നു.

2. **ഉൽപത്തിയുടെ ക്രമം** (ഉൽപ. 1:2–2:3). – സൃഷ്ടിയുടെ രേഖ ചൂുന്നത് *(a) പ്രാചീനമായ ഒരു കുഴപ്പം,* "പാഴായും ശൂന്യമായും"; *(b) സംയോ*

*ജിപ്പിച്ച ഊർജ്ജം;* “ദൈവത്തിന്റെ ആത്മാവു വെള്ളത്തിന്മീതെ പരിവർത്തിച്ചിരുന്നു”[3]; *(c) തുടർന്നുവരുന്ന ആറുദിവസങ്ങൾ.* (1) പ്രകാശത്തിന്റെ ഉൽപത്തി. വ്യോമപടലത്തെ കുറിച്ചുള്ള സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവു ലാപ്ലേസ് ആയിരുന്നു. അതിനെ അഭിവൃദ്ധിപ്പെടുത്തിയത്, ഉൽപ്പത്തിയെ താങ്ങിനിർത്തുന്നതിനായിരുന്നില്ല, എന്നാൽ പ്രപഞ്ചത്തിന്റെ വിവരങ്ങൾക്കുവേിയാണ്. ആ സിദ്ധാന്തം അനുസരിച്ച്, ഉയർന്ന താപം-പുറത്തുവിടുന്ന പ്രകാശം കടത്തിവിട്ടാണ് വാതകങ്ങളെ കട്ടിയാക്കുന്നത്. സൂര്യനുമുൻപിൽ പ്രകാശം വയ്ക്കുന്നതിന് മോശെയെ ആളുകൾ മൂഢൻ എന്നു വിളിച്ചു, ശാസ്ത്രജ്ഞനായ ലാപ്ലേസ് അങ്ങനെ ചെയ്തതിനു അവനെയും ആളുകൾ അപ്രകാരം വിളിച്ചു. (2) ആകാശവിധാനത്തിന്റെ അല്ലെങ്കിൽ വിശാലതയുടെ ഉൽപത്തി. ഭൂമിയുടെ ബാഹ്യപടലം തണുത്തു; നിബിഢമായ നീരാവി മൂടിയിരുന്നത് ഖനീഭവിച്ച് മഴയായി വീണു അല്ലെങ്കിൽ മേഘത്തുള്ളികളായി ആകാശത്തിൽ മേഘമായി ഉയർന്നു, ആകാശത്തിന്റെ വിശാലത അന്ത്യമില്ലാത്ത നീലകൂടാരമായി തലയ്ക്കുമീതെ കാണപ്പെടുകയും ചെയ്തു. (3) വൻകരകളുടെയും, കടലുകളുടെയും സസ്യങ്ങളുടെയും ഉൽപ്പത്തി. വൻകരകളോ, ദ്വീപുകളോ, തീരങ്ങളോ ഇല്ലാത്ത സർവ്വദേശീയമായ കടലിന്റെ, കാലം ഉായിരുന്നു എന്നു തോന്നുന്നു. ദൈവം സംസാരിക്കുന്നു; കടൽ തീരത്തുനിന്ന് വൻകരകൾ ഉയരുന്നു; കടലിൽ നിന്ന് ദ്വീപുകൾ പൊങ്ങി, ആദ്യം ഒന്നുമില്ലാത്തതും ശൂന്യവുമായിരുന്നു, ക്രമേണ വിവിധ സസ്യങ്ങളും മുളച്ചുവന്നു. (4) സൂര്യ ന്റെയും, ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും ഉൽപത്തി. സൃഷ്ടിയെ സംബന്ധിച്ച രേഖകൾ “അപൂർവ്വമായി” അല്ലെങ്കിൽ “തുടർച്ചയായി” മനസ്സിലാക്കണം, അതായത്., ഭൂമിയിൽ നിന്ന് ഒരു പ്രേക്ഷകൻ കാണുന്നതുപോലെയാണ് സംഭവങ്ങൾ വിവരിക്കുന്നത്. നാലാം ദിവസത്തിനു മുൻപു ആകാശത്തിലെ വസ്തുക്കൾ ഉായിരുന്നു എന്ന് സംശയരഹിതമായി പറയാം, എന്നാൽ പിന്നെയാണ് ഭൂമിയിൽ ദൃശ്യമായി തീർന്നത്. (5) കടൽജന്തുക്കളുടെയും പക്ഷികളുടെയും ഉൽപത്തി. ജീവരേഖ അതിർകടക്കുന്നതാണ്. ഇതിനുമുൻപു ഭൂമിയിൽ മൃഗങ്ങൾ ചുറ്റി നടന്നിരുന്നില്ല, ആകാശത്തിലൊരു പക്ഷിയും പറന്നിരുന്നില്ല, കടലിൽ ഒരു മത്സ്യവും നീന്തിയിരുന്നില്ല. ഒരിക്കൽ കൂടെ ദൈവിക കല്പന വെളിപ്പെടുകയും, വായുവിലും കടലിലും ജീവിതം ത്രസിക്കുവാൻ തുടങ്ങുകയും ചെയ്തു. അത് കക്കകളുടെയും ജലജന്തുക്കളുടെയും, പക്ഷികളുടെയും മത്സ്യങ്ങളുടെയും കാലമാണ്. (6) ദേശത്തിന്റെ ഉത്ഭവം - മനുഷ്യനും ജീവനും. ആറാം ദിവസത്തെ പ്രത്യേകത മനുഷ്യനാണ്; മനുഷ്യന്റെ പ്രത്യേക ദൈവ സാദൃശ്യത്തിലാണ് അവനെ സൃഷ്ടിച്ചത് എന്നാണ് (ഉൽപ. 1:27). ഈ അദ്ധ്യായത്തിൽ മൂന്നു പ്രാവശ്യം “സൃഷ്ടിച്ചു” എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു: 1:1-ൽ, പ്രപഞ്ചത്തെ കുറിച്ചു; 1:21-ൽ, മൃഗജീവന്റെ ആരംഭത്തെ കുറിച്ചു പറയുന്നു; 1:27-ൽ, മനുഷ്യന്റെ ഉത്ഭവത്തെ കുറിച്ചു പറയുന്നു. ഇല്ലാത്തതിനും ഉള്ളതിനും ഇടയ്ക്കുള്ള രേഖയെ ആദ്യത്തേതു മറികടക്കുന്നു, ജീവനുള്ളതിനും ജീവനില്ലാത്തതിനും ഇടയ്ക്കുള്ള രേഖയെ രാമത്തേതും, നിർദയനും മനുഷ്യനും തമ്മിൽ വേർതിരിക്കുന്നതിനെ മൂന്നാമത്തേതും മറികടക്കുന്നു. അവന്റെ താഴ്വശം മനുഷ്യൻ അവൻ മടങ്ങിപ്പോകേ മണ്ണിന്റെ രൂപത്തിലാണ്, അവിടെ സസ്യങ്ങൾ വേരു മണ്ണിലേക്ക് പായിച്ച് ജീവിക്കയും, അതിന്റെ ഉപരിതലത്തിൽ മൃഗങ്ങൾ ചുറ്റി നടക്കു

കയും ചെയ്യുന്നു. എന്നാൽ അവയ്ക്കൊന്നുമില്ലാത്തതാണ് മനുഷ്യൻ അഭിമുഖീകരിക്കുന്നത്. അവൻ ദൈവത്തിന്റെ സാദൃശ്യത്തിലുള്ളത് (i.) മനസ്സിലാക്കാവുന്ന ബുദ്ധിയുടെ ശക്തിയിൽ. മനുഷ്യനു മുൻപു ക്രമവും സൗന്ദര്യവും ഉായിരുന്നു; എന്നാൽ ആ സൗന്ദര്യത്തെയും ക്രമത്തെയും അനുമോദിക്കുവാനോ, അല്ലെങ്കിൽ ഫലത്തെയും കാരണത്തെയും ബന്ധിപ്പിക്കുവാനോ ആരും ഇല്ലായിരുന്നു. ദൈവത്തിനു മാത്രമെ സൃഷ്ടിക്കുവാൻ കഴിവുള്ളൂ; ദൈവസൃഷ്ടിയിൽ ഉള്ള പദ്ധതിയും മനോഹാരിതയും ഗ്രഹിക്കുവാൻ, ദൈവസാദൃശ്യത്തിൽ ഉള്ള, മനുഷ്യനു മാത്രമെ കഴിയൂ. (ii.) ബോധത്തിൽ, ബുദ്ധിയിൽ, ശരിയായ തോന്നലിൽ. (iii.) ബുദ്ധിയുള്ള തിരഞ്ഞെടുപ്പിനുള്ള കഴിവിൽ. (iv.) ധാർമ്മികമായ സ്വഭാവത്തിൽ, തെറ്റും ശരിയും ബോധ്യമാക്കുന്നതിൽ. (v.) ആധിപത്യത്തിൽ. ഈ പദപ്രയോഗം, "അവന് ആധിപത്യമുാകട്ടെ,"[4] എന്നത് "അവന്റെ സ്ഥലം ഉറപ്പിക്കുവാനുള്ള അവകാശമാണ്." അതു അവനു ഭൂമിയുമായും അതിലെ എല്ലാ ഉല്പന്നങ്ങളുമായും ഉള്ള ബന്ധത്തെ നൽകുന്നു. കൂടാതെ അതു ഭൗതികമായിട്ടുള്ള സൃഷ്ടികളെ അതിന്റെ ധാർമ്മിക അർത്ഥത്തോടുകൂടെ ചേർത്തിരിക്കുന്നു: അതിന്റെ അവസാനം മനുഷ്യനും, അവന്റെ ഏറ്റവും അവസാനം ദൈവവുമാകുന്നു.

സൃഷ്ടി രേഖയുടെ ഒന്നോ രോ പ്രത്യേകതകൾ പ്രത്യേക പരിഗണനക്കു യോഗ്യമാണ്. (1) സ്ഥാപിതമായ ശാസ്ത്രഫലങ്ങളോടു അതിനുള്ള എടുത്തുപറയത്തക്ക യോജിപ്പു; അതിൽ ഒരു ഉൽപത്തിയു്; ആ ക്രമത്തിനുമുൻപു കുഴപ്പമുയരുന്നു; സൃഷ്ടി ഒരു ഏകകാലികമായ ഒന്നായിരുന്നില്ല, എന്നാൽ പിൻതുടർച്ച ഉള്ളതാണ്; അതിനു ഉയരുന്ന അഭിവൃദ്ധിയു്; ആ ഉയർച്ച താഴെ നിന്ന് മുകളിലേക്കാണ്; അവസാനം, പൊതുവായ കരാറിൽ പിൻതുടരുന്ന സൃഷ്ടികളുടെ ക്രമത്തിൽ. ഉൽപത്തി പുസ്തകം 1-ാം അദ്ധ്യായം ഊഹപ്രവൃത്തിയാണോ? ഡാർവിൻ, അല്ലെങ്കിൽ ടിൻടെൽ, അല്ലെങ്കിൽ ഹക്സ്ലേ എന്നിവർ, ശാസ്ത്രമില്ലാത്ത കാലത്ത്, അത്ര നന്നായി ഊഹിച്ചുവോ? (2) അത് തീർച്ചയായും ചരിത്രമല്ല. ചരിത്രം മനുഷ്യന്റെ വിവരങ്ങളുടെ വിഭവങ്ങളും; വാക്കാലുള്ള പാരമ്പര്യങ്ങൾ, എഴുതപ്പെട്ട നിയമങ്ങളും രേഖകളും, പുരാതന ജ്ഞാപകങ്ങളും പ്രയോജനപ്പെടുത്തുന്നു. മനുഷ്യൻ ഭൂമിയിൽ കാണപ്പെട്ടതിൽ എത്തിച്ചേരുവാൻ ഒരു പാരമ്പര്യത്തിനും കഴിയുകയില്ല. അത് ഒരു വെളിപ്പാട് ആകണം, ഒരു അസാധാരണ വെളിപ്പാട് തന്നെ ആകണം. അങ്ങനെ ബൈബിൾ തുറക്കുന്നു, അങ്ങനെ അതു അടക്കുന്നു. അറിയപ്പെടാത്ത ഭൂതവും അറിയപ്പെടാത്ത ഭാവിയും തുറക്കുകയും അടക്കുകയും ചെയ്യുന്ന ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്നു.

**3. പാപത്തിന്റെ ഉൽപത്തി** (ഉൽപ. 2:4-3:24). - ഉൽപ. 1:1-2:3, സൃഷ്ടിയുടെ പൊതുവായ വിവരണങ്ങൾ നൽകുന്നു. ഈ ഭാഗത്തിൽ പ്രത്യേകിച്ചു മനുഷ്യന്റെ വിവരങ്ങൾ അധികവും സംക്ഷേപിച്ചിരിക്കുന്നു. ആദ്യ ഭാഗത്തിൽ, മനുഷ്യന്റെതടക്കം, സ്വഭാവമാണു വിഷയം. എല്ലാ സ്വഭാവവും അതിന്റെ എണ്ണമറ്റതും ബുദ്ധിപരവുമായ ഉറവിടമായി, ദൈവത്തിലേക്കു വിരൽ ചൂുന്നു. രാം ഭാഗത്തിൽ മനുഷ്യനാണു പ്രധാന വിഷയം. അവന്റെ യഥാർത്ഥമായ ബന്ധം സൃഷ്ടിയുടെ യജമാനനായും കിരീടമായും ഇരിക്കുന്നു, കാരണം അവൻ തന്റെ സൃഷ്ടികർത്താവിന്റെ സാദൃശ്യത്തിലാണ്.

*a. പ്രപഞ്ചത്തിന്റെ പ്രഥമ അവസ്ഥ.* – ഇവിടെ നാം ശരിക്കും ചരിത്രത്തിലേക്കു കടക്കുന്നു. വെളിപ്പാട് മനുഷ്യനു അറിവിന്റെ വിഭവങ്ങൾ നൽകുന്നു. പ്രപഞ്ചത്തിന്റെ പ്രഥമാവസ്ഥയെകുറിച്ചുള്ള നമ്മുടെ അറിവു വ്യാപിക്കുന്നത് (1) മനുഷ്യന്റെ വാസം. അത് ഏഥെനിലായിരുന്നു. അറിയപ്പെടുന്ന രു നദികളായ, യൂഫ്രത്തീസും ഹിദേക്കിലും (ടൈഗ്രിസ്) തെറ്റുപടിഞ്ഞാറൻ ഏഷ്യയെ സൂചിപ്പിക്കുന്നു. ആധുനികശാസ്ത്ര കുപിടുത്തം ഉറപ്പിക്കുന്ന, വിസ്തൃതമായ പാരമ്പര്യം, വംശത്തിന്റെ തൊട്ടിലായി കാക്കാസിന്റെ തെക്കേ ദേശത്തുള്ള ഉയർന്ന സ്ഥലത്തേക്കു ചൂന്നു (2) സമൂഹം. മനുഷ്യനെ ഏകാന്തതക്കായിട്ടല്ല ഉാക്കപ്പെട്ടത്, അല്ലെങ്കിൽ ഉയർന്ന രീതിയിലുള്ള അപരിഷ്കൃതമായി ജീവിക്കുന്നവരുമായി തുണ കത്തേതിനും ആയിരുന്നില്ല. മനുഷ്യനു അന്തിമമായി നേടുവാൻ കഴിയുന്നത് അവന്റെ തരത്തിലും കുടുംബത്തിലുമുള്ള ജീവിതഫലമായിരിക്കും. ഹവ്വയെ സൃഷ്ടിച്ചത് വർഗ്ഗത്തിന് ഏറ്റവും ആവശ്യമായ ഐക്യതയെയും തുല്യതയെയും പഠിപ്പിക്കുന്നു. (3) തൊഴിൽ. വെറുതെ ഇരിക്കുവാനല്ല മനുഷ്യനെ കുറിച്ച് അർത്ഥമാക്കിയത്. വെറുതെ ഇരുന്നാൽ ശക്തിയും, ധാർമ്മികതയും ക്ഷയിക്കും. അതുകൊു അവനെ തോട്ടത്തിൽ വേലചെയ്യുവാനും അതു സൂക്ഷിക്കുവാനും ഏൽപ്പിച്ചു. (4) ധാർമ്മികാവസ്ഥ. ദൈവവുമായി ഒരു പൂർണ്ണമായ കൂട്ടായ്മ ഉള്ള അവസ്ഥ ചരിത്രകാരൻ സൂചിപ്പിക്കുന്നു, അത് തികഞ്ഞ നിഷ്കളങ്കതയുടെയും ആശ്രയത്തിന്റെയും അനുഗ്രഹവും; എല്ലാ സ്വാതന്ത്ര്യവും ഉള്ളതുമായിരുന്നു; "തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം യഥേഷ്ടം നിങ്ങൾക്ക് പറിച്ചുതിന്നാം"[5]; അതോടുകൂടി ചെറിയ ഒരു നിബന്ധനയും: "നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നരുത്."[6] സ്വാതന്ത്ര്യത്തിന് പരിമിതികളുാകണം. മനുഷ്യൻ നിയമത്തെ മാനിക്കുകയും, ഉയർന്ന നന്മക്കായി സ്വാർത്ഥ ഇച്ഛകൾ ഒഴിവാക്കുകയും വേണം. ഭൂമിയെ അടക്കിവാഴുവാൻ, അവൻ ദൈവത്തിന് കീഴ്പ്പെട്ടിരിക്കണം.

*b. ലംഘനം.* – പാപവും പാപിയും, പ്രപഞ്ചത്തിൽ വന്നുകഴിഞ്ഞു. രും ഏഥെനിലേക്കുള്ള വഴി കത്തെി. സർപ്പം, ഒന്നുകിൽ അടയാളമായിട്ടോ അല്ലെങ്കിൽ സാത്താന്റെ പ്രതിനിധിയായിട്ടോ വന്നു. (*ഒ.വാ.* യോഹന്നാൻ 8:44; വെളി. 12:9; 20:2). ക്രമേണ പരീക്ഷിക്കപ്പെടുന്നതും പാപത്തിനിരയാവുന്നതും ശ്രദ്ധിക്കുക. അവിടെ കുത്തുവാക്കോടെ ഒരു ചോദ്യമു്: "അതെ, നിങ്ങൾ തിന്നരുതെന്ന് ദൈവം പറഞ്ഞിട്ടുോ?'' പിന്നെ അപകീർത്തിപ്പെടുത്തുന്ന ഒരു നുണയും: "നിങ്ങൾ തീർച്ചയായും മരിക്കയില്ല."[7] പിന്നെ വളരെ വേഗത്തിൽ, ദൈവത്തിലുള്ള വിശ്വാസക്കുറവും, തെറ്റായ ആഗ്രഹവും, തെറ്റായ തിരഞ്ഞെടുപ്പും, തുറന്ന അനുസരണക്കേടും, അതിനെ തുടർന്നുാകുന്നു. ദൈവത്തോട് തിരിച്ചുവരുന്നത് അതിനെല്ലാം വിപരീതമാണ്; സത്യത്തെ വിശ്വസിക്കുകയും, ദൈവത്തിൽ ആശ്രയിക്കുകയും, ശരിയായ ആഗ്രഹം ഉാവുകയും, ശരിയായ തിരഞ്ഞെടുപ്പുനടത്തുകയും, ദൈവേഷ്ടത്തിനു തുറന്നു കീഴ്പ്പെടുകയും വേണം.

*c. പിഴ.* – അതിനെ തുടർന്ന്, സ്വാഭാവികമായ, ഫലം *ആവശ്യമായത്*, ഒരു കുറ്റബോധവും അന്യഥാത്വവും വന്നു; ആദാമും ഹവ്വയും "തന്നത്താൻ ഒളിച്ചു."[8] നിയമപരമായ പിഴയും അതോടുകൂടി വന്നു: സ്ത്രീയിൽ, ദുഃഖം വർദ്ധിക്കുകയും; പുരുഷനിൽ, കഷ്ടത വർദ്ധിക്കുകയും; എങ്കിലും രു പേർക്കും ഉന്നതമായ ഒരു പ്രത്യാശ, വാഗ്ദാനം ചെയ്തത് സ്ത്രീയുടെ

സന്തതി സർപ്പത്തിന്റെ തല തകർക്കും എന്നായിരുന്നു. ഉൽപ. 3:15-ൽ, ഏഥെൻ തോട്ടം നഷ്ടമായ അവസരത്തിൽ, ക്രിസ്തുവിന്റെ വീടെുപ്പു പ്രവർത്തിയുടെ പ്രവചനവും നിഴലിച്ചതു നമുക്കു കാണാം.

**4. സൃഷ്ടിയുടെയും വീഴ്ചയുടെയും പ്രതിധ്വനി.** - ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന[9] വലിയ വസ്തുതകളുടെ രസകരമായ ചിത്രങ്ങൾ പുരാതന സാഹിത്യത്തിൽ ഉ്. എന്നാൽ അവ ജാതികളുടെ ആശയങ്ങളാൽ നശിക്കുകയും, ദൈവശ്വാസീയമായ ഉയർന്ന രേഖകൾക്കടിയിൽ പെടുകയും ചെയ്തു. "വീഴ്ചയുടെ സംഭവം, സൃഷ്ടിത്വത്തെ പോലെ, ലോകത്തിൽ ചുറ്റിത്തിരിഞ്ഞു. അന്യജാതികളുടെ ദേശങ്ങളിൽ അവ പറിച്ചുനടുകയും അവരുടെ ഭൂമിശാസ്ത്രത്തിലും, ചരിത്രത്തിലും, അവരുടെ ഇതിഹാസങ്ങളിലും ഇടകലർത്തി, എന്നിരുന്നാലും നിങ്ങൾക്ക് തിരിച്ചറിയാൻ പറ്റാത്തവിധത്തിൽ അവയ്ക്കു പൂർണ്ണമായി രൂപവ്യത്യാസമോ നിറവ്യത്യാസമോ സംഭവിച്ചില്ല. എങ്ങനെയായാലും, ഇവിടെ, നിയമത്തിൽ, പ്രപഞ്ചമനുഷ്യന്റെ സ്വഭാവവും, ലോക-വ്യാപകമായ വസ്തുതയും, സൃഷ്ടിയുടെ മുറവിളിയും, ക്രിസ്തുവിലുള്ള വീടെുപ്പും, ഓരോ മനുഷ്യന്റെയും ഹൃദയത്തിലെ ഗൂഢാലോചനയുമെല്ലാം സാക്ഷ്യപ്പെടുത്തുന്നത് പ്രസ്താവനയുടെ ഏറ്റവും അക്ഷരീകമായ സത്യത്തിലേക്കാണ്."[10]

**5. യാഗത്തിന്റെ ഉൽപത്തി** (ഉൽപ. 4:1-15). - ആദ്യമനുഷ്യന്റെ ഭവനത്തിലേക്ക് കുട്ടികൾ വന്നപ്പോൾ അവർ സൂര്യപ്രകാശവും നിഴലും കൊുവന്നു. സഹോദരന്മാർ തമ്മിൽ തൊഴിലിലും അവർ കൊുവന്ന യാഗങ്ങളിലും വ്യത്യാസം ഉള്ളവരായിരുന്നു. മനുഷ്യനിൽ തന്നെ ആഴമേറിയ ഒരു വ്യത്യാസമുായിരുന്നു. കയീൻ നിലം ഉഴുതുന്നവനും, ഹാബെൽ ആടുകളെ നോക്കുന്നവനുമായിരുന്നു. ഒരാൾ വയലിൽ നിന്നുള്ള ആദ്യ-ഫലങ്ങൾ കൊുവന്നു, *അതായത്.*, ഒരു സ്തോത്ര-യാഗം. മറ്റെവൻ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ ഒന്നിനെ പാപ-യാഗം ആയിക്കൊുവന്നു. കയീന്റേത് ഒരുപക്ഷെ നിഷ്കളങ്കരായിരുന്ന ആദാമും ഹവ്വയും ഏഥെൻ തോട്ടത്തിൽവെച്ചു കൊുവരുവാനിടയുള്ളതായിരുന്നു. അത് പാപബോധത്തെ പ്രകടിപ്പിക്കുന്നില്ല, പാപക്ഷമക്കുവേ പ്രാർത്ഥനയും ആകുന്നില്ല. അതിലുപരിയായി, കയീനു തന്റെ സഹോദരനായ ഹാബെലിന്റെ വിശ്വാസത്തിൽ നിന്ന് കുറവുള്ളതായും കാണുന്നു (എബ്രാ. 11:4). അവന്റെ മനോഭാവം, ഹാബെലിന്റേതിൽ നിന്ന് വിപരീതമായി, അവിശ്വാസമുള്ളതും, സ്വയം-നീതീകരിക്കുന്നതും, സ്വന്ത-ഇച്ഛക്കനുസരിച്ചുള്ളതുമായിരുന്നു. ഏഥെൻ തോട്ടത്തിന്റെ വാതിൽക്കൽ പരീശനും ചുങ്കക്കാരനും നിൽക്കുന്നതുപോലെയായിരുന്നു അത്. കയീനിന്റെ അസൂയയും പകയും വളർന്നുവന്ന് അവനെ കൊലപാതകത്തിലേക്കു നയിച്ചു; ഹാബെലിന്റെ വിശ്വാസം അവനെ ഒരു രക്തസാക്ഷിയാക്കി: ഒരാൾ, രക്തത്താൽ കറപുര മനുഷ്യരുടെ നീനിരയിൽ ഒന്നാമതായി; അടുത്തയാൾ, ദൈവത്തിന്റെ ശക്തിയുള്ള വീരന്മാരുടെ ലിസ്റ്റിൽ ഒന്നാമതായി തീർന്നു.

**6. കയീന്റെ വംശാവലി** (ഉൽപ. 4:16-26). - കയീനു ഒരു മകൻ ജനിച്ചു, ഹാനോക്ക്, അവൻ ഒരു നഗരം പണിതു, ഹാനോക്. അപ്പനെ പോലെ തന്നെ, മകനും. കയീന്റെ വംശാവലി പരിശ്രമമുള്ളവരും, അഭക്തരുമായി തീർന്നു. കയീൻ, ഹാനോക്ക്, ഈരാദ്, മെഹൂയയേൽ, മെഥൂശയേൽ, ലാമെക്ക്, തുടങ്ങിയവരായിരുന്നു ആ വംശാവലിയിൽ. അതോടൊപ്പം തന്നെ വേറെയും

ഉായിരുന്നു എന്നതിനു സംശയമില്ല. ഇത് നൽകുവാൻ കാരണം, ലാമെക്ക് ആ വംശാവലിയിലെ കഥാപാത്രങ്ങളിൽ ഉച്ചാവസ്ഥയിലെത്തുന്നതുകൊാണ്. ലാമെക്കിനു രു ഭാര്യമാരുായിരുന്നു, അവർ അവനു മൂന്നു പുത്രന്മാരെ നൽകി: യൂബാൽ, ഒരു സംഗീതക്കാരൻ; യാബാൽ, ഒരു ആട്ടിടയൻ; തൂബൽ-കയീൻ, ഒരു ലോഹ-പണിക്കാരൻ. കയീന്റെ ആക്രമം ലാമെക്കിൽ ആവർത്തിക്കപ്പെടുന്നു, അത് അവന്റെ "വാൾഗാനത്തിൽ" കാണാം:

> "ആദയും സില്ലയും ആയുള്ളോരേ, എന്റെ വാക്കുകേൾപ്പിൻ; ലാമെക്കിൻ ഭാര്യമാരേ, എന്റെ വചനത്തിനു ചെവി തരുവിൻ; എന്റെ മുറിവിന്നുപകരം ഞാൻ ഒരു പുരുഷനെയും, എന്റെ പരിക്കിന്നുപകരം ഒരു യുവാവിനെയും കൊല്ലും" (ഉൽപ. 4:23).

ചുരുക്കമായ ആ രേഖയിൽനിന്നു രു പാഠങ്ങൾ നമുക്ക് ശേഖരിക്കാം: (1) ഭൗതികസംസ്ക്കാരം ദൈവത്തിന്റെ ദാനമല്ല, അതു തികച്ചും മനുഷ്യൻ വളർത്തിയെടുത്തതാണ്. (2) സംസ്ക്കാരം എന്നതു മതമല്ല, അതിനു പകരമുള്ളതുമല്ല. കയീനിന്റെ വംശാവലിയിൽ നിന്നു താഴെ പറയുന്നവ ആദ്യമായി വന്നു: കുല, നഗരം, ബഹുഭാര്യാത്വം, സംഗീതക്കാരൻ, ലോഹ-പണിക്കാരൻ, പദ്യം; എന്നാൽ "ദൈവത്തോടുകൂടെ നടന്ന" ഒരൊറ്റമാതൃക പോലുമില്ല.

**7. ശേത്തിന്റെ വംശാവലി** (ഉൽപ. 5). ശേത്തിനു ശേഷം ആദാമിനു വേറെയും മക്കളുായി എന്നതിനു സംശയമില്ല, അവരിൽ നിന്നു മറ്റു പിൻഗാമികളുമുായി. നല്ല സ്വഭാവഗുണങ്ങളുള്ള നോഹ ഈ വംശാവലിയിൽനിന്നു വരുന്നതുകൊും, വാഗ്ദത്ത സന്തതി അതിൽനിന്ന വരേതുകൊും, അതിനെ കാത്തുസൂക്ഷിച്ചിരുന്നതായി കാണാം. ആ വംശാവലിയിൽകൂടെ, താഴെ പറയുന്ന പത്തു പേരുകൾ വരുന്നു: ആദാം, ശേത്ത്, ഏനോശ്, കേനാൻ, മഹലലേൽ, യാരെദ്, ഹാനോക്ക്, മെഥൂശലഹ്, ലാമേക്ക്, നോഹ. ശേത്തിന്റെ വംശാവലി ഒറ്റ നോട്ടത്തിൽ, ജനിക്കുന്നതിന്റെയും, പ്രായമാകുന്നതിന്റെയും, മരിക്കുന്നതിന്റെയും കുടുംബ രേഖയായും കയീനിന്റെ വംശാവലിയുടെ പേരുകളുമായി അസാധാരണമായ സാമ്യമുള്ളതായും കാണാം. എന്നാൽ ആ വംശാവലിയുമായി വൈപരീത്യമുള്ളതു മാത്രമേ പറയുന്നുള്ളൂ. ശേത്തിന്റെയും ഏനോശിന്റെയും സമയത്ത്, "ആളുകൾ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുവാൻ തുടങ്ങി"[11]; "ഹാനോക്ക് ദൈവത്തോടുകൂടെ നടക്കുകയും, ദൈവം അവനെ എടുത്തതുകൊ്, അവനെ കില്ല"[12]; എടുത്തു പറയേ പ്രാധാന്യം ദൈവികകൂട്ടായ്മയുടെയും അമർത്യത എന്ന അനുഗ്രഹത്തിന്റെയുമാണ്. നോഹ "നീതിമാനായ മനുഷ്യനായിരുന്നു" അവൻ "ദൈവത്തോടുകൂടെ നടന്നിരുന്നു."[13] രേഖകൾ അല്പമാണെങ്കിലും, കയീന്റെയും ശേത്തിന്റെയും രു വംശാവലികൾ തമ്മിലുള്ള വ്യത്യാസം എടുത്തു കാണിക്കുന്നു്.

**8. മതഭ്രംശവും പ്രളയവും** (ഉല്പ. 6:1-8:14). - *(a) പ്രളയത്തിന്റെ സമ്പ്രദായങ്ങൾ.* - ചരിത്രപരമായ ഒരു വലിയ സംഭവത്തെയാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. ഏഥെനിന്റെ വീഴ്ച്ചയുടെ പ്രതിധ്വനികൾ, നാം കതുപോലെ, പല പുരാതന സാഹിത്യങ്ങളിലും കാണാം. പ്രളയംപോലെ പ്രാചീന ബൈബിൾ ചരിത്രത്തിൽ മുഴുവനും സ്ഥിരീകരിക്കപ്പെട്ട മറ്റൊരു സംഭവം ഉായിട്ടില്ല. അത് ആഴത്തിലു

ള്ളതും, സഹിക്കുന്നതുമായ പ്രതീതിയാണ് തന്നിട്ടുള്ളത്. തുറേനിയൻ, ഹാമിറ്റിക്, സെമിറ്റിക്, ആര്യൻ, എന്നീ വലിയ വംശങ്ങളിൽ അതിന്റെ സമ്പ്രദായങ്ങൾ കാണാം. അവ വളരെ അധികം വ്യത്യാസമുള്ളതാണ്: ചിലത് ബഹുദേവതകളാൽ ഭിന്നിച്ച് തിരിയുന്നു; എന്നാൽ നിയമപെട്ടകത്തിന്റെ അടുത്തുായിരുന്നവർ വളരെ കുറച്ചാണെങ്കിലും കൃത്യതയിൽ ശേഷിച്ചു. ചൈനക്കാർ, ഹിന്ദുക്കൾ, കൽദയർ, മിസ്രയീമ്യർ, ഗ്രീക്കുകാർ, കെൽത്യർ, ലാപ്സ്യർ, എസ്കിമോസുകൾ, മെക്സിക്കേന്യർ, മധ്യ ദക്ഷിണ അമേരിക്കക്കാർ, എന്നിവരെല്ലാം സമ്പ്രദായം കാത്തുസൂക്ഷിച്ചിട്ടു്. കൽദയർ ആണ് ഏറ്റവും പ്രസിദ്ധിയാർജ്ജിച്ചവരും, ബൈബിൾ വിവരണത്തോടു അടുത്തുനിൽക്കുന്നവരും. അതു രു വിധങ്ങളിലാണുള്ളത്: (1) ബി.സി. 260-ൽ, ഗ്രീക്കിൽ എഴുതിയ ഒരു ബാബിലോൺ പുരോഹിതനായ, ബെരോസസിന്റേതാണത്. അത് അനവധി നൂറ്റാുകളോളം അറിയപ്പെട്ടിരുന്നു. (2) ഇരുപത്തി-അഞ്ച് നൂറ്റാുകളുടെ[14] മൗനാവസ്ഥക്കുശേഷം, 1872-ൽ നിനവെയുടെ നാശാവശിഷ്ടങ്ങളിൽ നിന്നു കുഴിച്ചെടുത്ത കുനീഫോം താബ്ലറ്റ്സിന്റേത്.

*(b) പ്രളയത്തിന്റെ ധാർമ്മികമായ കാരണങ്ങൾ.* - ഭൗതികമായ ഒരു മഹാവിപത്തുമാത്രമായിരുന്നില്ല പ്രളയം. അതു ഉന്നതമായ ഒരു ധാർമ്മിക സംഭവമായിരുന്നു. ഉൽപ. 6:5 വായിക്കുക. പ്രത്യാശയില്ലാതെ, ധാർമ്മികമായി സമൂഹം അധഃപതിച്ചിരുന്നു. മതഭ്രംശത്തിന്റെ കാരണങ്ങൾ അന്വേഷിക്കുവാൻ പ്രയാസപ്പെടേതില്ല. ഉൽപ. 6:1-5 വായിക്കുക. കയീന്റെയും ശേത്തിന്റെയും രുവംശാവലികളെ കുറിച്ചു പറഞ്ഞത് ഓർമ്മിക്കുമല്ലോ. ആ അധഃപതനത്തിനു വഴിതെളിച്ചത് ഒരുപക്ഷെ ശേത്തിന്റെ വംശാവലിയും ("ദൈവത്തിന്റെ പുത്രന്മാർ") കയീന്റെ വംശാവലിയും ("മനുഷ്യരുടെ പുത്രിമാർ")[15] തമ്മിലുായ വിവാഹബന്ധത്തിന്റെ അനന്തരഫലമായിരുന്നു. തിന്മയോടുള്ള എല്ലാ വിട്ടുവീഴ്ച്ചകളും, തെറ്റായ രീതിയിലുള്ള നേട്ടങ്ങളായി പരിണമിച്ചു. മതഭ്രംശത്തിന്റെ ഫലം വംശനാശമായിരുന്നു. അതിരുകവിഞ്ഞ കുറ്റകൃത്യങ്ങൾക്ക് അതിരുകവിഞ്ഞ പിഴയും കൊടുക്കേിവന്നു. കഠിനഹൃദയരായ കുറ്റവാളികളെ ആയുഷ്ക്കാലം തടവിലാക്കുകയോ, അല്ലെങ്കിൽ തൂക്കിലേറ്റി കൊല്ലുകയോ ചെയ്യും. പ്രളയത്തിനു മുൻപു ജീവിച്ചിരുന്ന ആളുകൾ അവരുടെ കുറ്റങ്ങൾ നിമിത്തം തുടച്ചുനീക്കപ്പെട്ടത് അവസാനസംഭവമായിരുന്നില്ല. പ്രളയത്തിലെ ജലവും, സോദോമിനെ എന്നേക്കും നശിപ്പിച്ച അഗ്നിയും, സാംക്രമിക രോഗബാധയും, യുദ്ധക്കെടുതികളും, ദൈവീക ന്യായവിധിയുടെ സന്ദേശങ്ങളായിരുന്നു.

*(c) പ്രളയത്തിന്റെ മാർഗ്ഗങ്ങൾ.* - ഭൂമിയെ സൃഷ്ടിച്ചവൻ അതിനെ നശിപ്പിക്കുവാനും അനവധി മാർഗ്ഗങ്ങൾ ഉപയോഗിച്ചിരുന്നു. വീും വീും, മനുഷ്യരുടെ യുഗത്തിനുമുൻപ്, ഭൂമിയിൽ മഴയാൽ പ്രളയം ഉാവുകയും, അതു കടലിനടിയിലേക്ക് താഴ്ന്നു പോവുകയും ചെയ്തിരുന്നു. എന്നാൽ അടിസ്ഥാനങ്ങൾ വലിയതോതിൽ ഇളകുകയും, ആകാശത്തിന്റെ കിളിവാതിലുകൾ തുറക്കുകയും ചെയ്തു (ഉൽപ. 7:11). വലിയ ധാർമ്മിക ഉദ്ദേശത്തിനായി, വീും ദൈവകരുണയാൽ മനുഷ്യൻ ഉാകുന്നതിനുമുൻപു സംഭവിച്ചിരുന്നത് സംഭവിക്കുമാറായി. പടിഞ്ഞാറേ ഏഷ്യയുടെ ഭാഗങ്ങൾ ഇപ്പോഴും കടൽ നിരപ്പിനുതാഴെയാണ്, മറ്റു പ്രദേശങ്ങളിലെ ഭാഗങ്ങൾ ജലപ്രളയത്താൽ ആയിരക്കണക്കിനു ആളുകളെ ഭൂമിയിൽ നിന്നു തുടച്ചുമാറ്റിയിട്ടു്.

*(d) പ്രളയത്തിന്റെ സമയവും ദൈർഘ്യവും.* – നാല്പതുദിവസങ്ങളോളം മഴപെയ്തു. നൂറ്റിയൻപതു ദിവസങ്ങളോളം വെള്ളം ഉയരുകയും, അതിറങ്ങുവാൻ ഇരുനൂറ്റി ഇരുപത്തി-അഞ്ചുദിവസങ്ങൾ വേവന്നു. ഒന്നുകിൽ അത് സർവ്വദേശീയം, അല്ലെങ്കിൽ അവർ കൂടുതൽ വ്യാപിക്കുന്നതിനു മുൻപു, വംശത്തിന്റെ ചരിത്രത്തിൽ, ആദ്യം സംഭവിച്ചിരിക്കുവാനാണ് കൂടുതൽ സാധ്യത. രു വീക്ഷണത്തിലായാലും അത് സർവ്വദേശീയമായ സമ്പ്രദായവിവരമാണു നൽകുന്നത്.

*(e) നോഹയും പ്രളയവും.* – ചില പേരുകൾ വലിയ കാലഘട്ടത്തോടു കൂടെ എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നു. ലിങ്കൺ തടവുമോചനവുമായി, ക്രോംവെൽ കോമൺ വെൽത്തുമായി, മോശെ പുറപ്പാടുമായി; അതുപോലെ ജലപ്രളയം നോഹയുമായി. വായിക്കുക ഉൽപ. 6:9; 7:1; യെഹെ. 14:14 നോഹ സ്വന്തം മതത്തോടു വിശ്വാസമില്ലാത്ത കാലത്തിലെ ഒരു നായകനും, ദൈവപുരുഷനും ആയിരുന്നു. യാഗപീഠങ്ങൾ ഓരോന്നായി തകർന്നുപോയി, എന്നാൽ നോഹയുടെ യാഗപീഠത്തിലെ തീ പ്രളയം വരുന്നതുവരെ അണഞ്ഞുപോയില്ല. അത് ധൈര്യത്തോടെ നിലനിന്നു. ആരും പിന്തുടരുവാൻ ധൈര്യപ്പെടാതിരുന്നതു നോഹ ധൈര്യത്തോടെ നയിക്കുവാൻ തുടങ്ങി. വഷളായി പ്രത്യാശ ഇല്ലാതെ നശിച്ചുകൊിരുന്ന വംശം ഒരുഭാഗത്ത്, അതേസമയത്ത് തികഞ്ഞ അനുസരണവും സുരക്ഷിതത്വവും ഉായിരുന്ന നോഹ മറുവശത്ത് – അവയാണ് താല്പര്യമുള്ള പാഠങ്ങൾ. നോഹ നൂറ്റിയിരുപതു വർഷം വിശ്വസ്തമായി പ്രസംഗിക്കുകയും നായകനായി ജീവിക്കുകയും ചെയ്തു. അവന്റെ അദ്ധ്വാനത്തിന്റെ പ്രതിഫലം ലഭിച്ചത് ഏഴ് പരിവർത്തകർക്കായിരുന്നു: അവന്റെ ഭാര്യ, അവന്റെ മക്കളായ, ശേം, ഹാം, യാഫേത്ത്, അവരുടെ ഭാര്യമാർ എന്നിവരായിരുന്നു അവർ. എന്നിട്ടും നോഹ വിജയി ആയിരുന്നു: അവൻ *തന്റെ* കർത്തവ്യം നിറവേറ്റുകയും, ജലപ്രളയത്തെ അതിജീവിക്കുകയും ചെയ്തു.

---

കുറിപ്പുകൾ

[1]ഡീനിന്റെ “കൈപ്പുണി” ആയിരുന്നു. [2]ഉൽപ. 1:1. [3]ഉൽപ. 1:2. [4]ഉൽപ. 1:26. [5]ഉൽപ. 2:16. [6]ഉൽപ. 2:17. [7]ഉൽപ. 3:1, 4. [8]ഉൽപ. 3:8. [9]നോക്കുക ജയിക്കിന്റെ “അവേഴ്സ് വിത്ത് ദ ബൈബിൾ,” വാല്യം. 1, അദ്ധ്യാ. 8. [10]ഡെലിറ്റ്സ്, സ്മിത്തിന്റെ ഓ. റ്റി. ഹിസ്റ്റ്., പേ. 29-ൽ ഉദ്ധരിച്ചിരിക്കുന്നു. [11]ഉൽപ. 4:26. [12]ഉൽപ. 5:24. [13]ഉൽപ. 6:9. [14]നോക്കുക ജയിക്കിന്റെ “ഹവേഴ്സ് വിത്ത് ദ ബൈബിൾ,” വാല്യം.1, അ. 13. [15]ഉൽപ. 6:2.